WEDNESDAY 14/08/2024 ബുധനാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

**FARM INFORMATION BUREAU**

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA

Chief Editor: Nizam S A Editor: Dr. Binu Harriet Ivan

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 14/08/2024

1. 2024-25 സംസ്ഥാനതല കർഷക ദിനാഘോഷ ഉദ്ഘാടനവും (ചിങ്ങം-1), 2023 വർഷത്തെ കാർഷിക അവാർഡ് വിതരണവും കൃഷിവകുപ്പിന്റെ സേവനങ്ങൾക്കുള്ള ഏക ജാലക സംവിധാനമായ കതിർ ആപ്പിന്റെലോഞ്ചും നിയമസഭ സമുച്ചയത്തിലെ ആർ. ശങ്കര നാരായണൻ തമ്പി ഹാളിൽ വച്ച് 17.08.2024 ശനിയാഴ്ച വൈകിട്ട് 3.00 മണിക്ക് നടത്തപ്പെടുന്നു.

2. കേരള കാർഷിക സർവ്വകലാശാലയുടെ, മണ്ണുത്തിയിലെ കാർഷിക സാങ്കേതിക വിജ്ഞാന കേന്ദ്രത്തിൽ, അത്യുൽപാദന ശേഷിയുള്ള തെങ്ങിൻ തൈകളായ കോമാടൻ 130 രൂപ നിരക്കിലും, WCT 120 രൂപ നിരക്കിലും (മൊത്തം 350 എണ്ണം) വില്പനയ്ക്ക് ലഭ്യമാണ്. ബുക്കിങ്ങ് ഉണ്ടായിരിക്കുന്നതല്ല.

3. കൃഷിക്കൊപ്പം കളമശേരി പദ്ധതിയുടെ ഭാഗമായുള്ള കാർഷികോത്സവം സെപ്തംബർ ഏഴു മുതൽ 13 വരെ സംഘടിപ്പിക്കുമെന്ന് മന്ത്രി പി. രാജീവ്. വയനാട് ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ ഈ വർഷം കലാ പരിപാടികളും ഘോഷയാത്രയും ഒഴിവാക്കിയാണ് കാർഷികോത്സവം സംഘടിപ്പിക്കുന്നത് .22 ന് നടക്കുന്ന സെമിനാറിൽ വൈദ്യുതി വകുപ്പ് മന്ത്രി കെ. കൃഷ്ണൻ കുട്ടിയും 23 ന് നടക്കുന്ന ക്ഷീരകർഷക സംഗമത്തിൽ മന്ത്രി ജെ. ചിഞ്ചുറാണിയും പങ്കെടുക്കും. 23 ന് നടക്കുന്ന കുട്ടികർഷക സംഗമത്തിൽ മന്ത്രി അഡ്വ. വി. ശിവൻകുട്ടി പങ്കെടുക്കും. മത്സ്യകർഷക സംഗമത്തിൽ ഫിഷറീസ് വകുപ്പ് മന്ത്രി സജി ചെറിയാൻ പങ്കെടുക്കും. 26 ന് നടക്കുന്ന ത്രിതല പഞ്ചായത്ത് സംഗമത്തിൽ മന്ത്രി എം.ബി.രാജേഷ് പങ്കെടുക്കും. എഫ്എസിടിയുടെ സഹകരണത്തോടെ കർഷകർക്കായി കീടനാശിനി തളിക്കുന്നതിന് ഡ്രോൺ സംവിധാനവും ഒരുക്കിയിട്ടുണ്ട്. ആലങ്ങാട്

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

കൃഷിശ്രീക്ക് ആദ്യ ഡ്രോൺ നൽകി. മറ്റു പഞ്ചായത്തുകൾക്കും ഓരോ ഡ്രോൺ നൽകുന്ന പദ്ധതി നടപ്പാക്കും.

4. തിരുവനന്തപുരം ജില്ലയിലെ രാത്രികാല അടിയന്തിര മൃഗ ചികിത്സാ സേവനം പദ്ധതിയുടെ ഭാഗമായി ഒഴിവുള്ള 6 ബ്ലോക്കുകളിലേക്ക് വെറ്ററിനറി സർജൻമാരെ താൽക്കാലിക അടിസ്ഥാനത്തിൽ തിരഞ്ഞെടുക്കുന്നതിലേക്ക് ഈ മാസം 16 ന് തമ്പാനൂർ എസ്എസ് കോവിൽ റോഡിലെ ജില്ലാ മൃഗസംരക്ഷണ ഓഫിസിൽ വെറ്ററിനറി സർജൻമാരുടെ വോക് ഇൻ ഇന്റർവ്യൂ നടത്തും. കൂടുതൽ വിവരങ്ങൾക്ക് 0471 2330736 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക.

5. പനമരം ബ്ലോക്ക് പഞ്ചായത്തിന്റെ ഈ വർഷത്തിലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന ഗോജീവ സുരക്ഷ സഞ്ചരിക്കുന്ന മൃഗാശുപത്രി പദ്ധതി 12/08/2024 തിങ്കളാഴ്ച മുതൽ ആരംഭിച്ചു. പദ്ധതിയുടെ ഭാഗമായി പനമരം ബ്ലോക്ക് പരിധിയിൽ എല്ലാ ദിവസവും രാവിലെ 10 മുതൽ വൈകീട്ട് 5 മണി വരേയുള്ള സമയത്ത് കർഷകരുടെ വീട്ടുപടിക്കൽ മൃഗ ചികിൽസാ സൗകര്യം ലഭ്യമാകും. ഓരോ സേവനത്തിനും മരുന്ന് വാഹനചെലവ് ഉൾപ്പെടെ 450 രൂപ ഈടാക്കുന്നതാണ്. സേവനത്തിനായി 8281652476 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

## പരിശീലന പരിപാടി

6. മലപ്പുറം കൃഷി വിജ്ഞാന കേന്ദ്രത്തിൽ SCSP പദ്ധതിയുടെ ഭാഗമായി പട്ടിക ജാതി (SC) വിഭാഗത്തിൽ ഉള്ളവർക്കായി തവന്നൂർ കൃഷി വിജ്ഞാന കേന്ദ്രം, 'നെല്ല് കൃഷി, വിവിധ ജൈവ വളങ്ങളുടെ ഉത്പാദനം' എന്ന വിഷയത്തിൽ ഈ മാസം 21, 22 തീയതികളിൽ രാവിലെ 10 മുതൽ 2 മണി വരെ 2 ദിവസത്തെ സൗജന്യ പരിശീലന ക്ലാസ്

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

സംഘടിപ്പിക്കുന്നു. ക്ലാസ്സിൽ പങ്കെടുക്കാൻ താല്പര്യമുള്ളവർ ഓഗസ്റ്റ് 16 നു മുൻപായി 8547193685 നമ്പറിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്. ക്ലാസിനു വരുമ്പോൾ ആധാർ കാർഡ്, പട്ടിക ജാതി സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.

7. കേരള കാർഷിക സർവ്വകലാശാലയുടെ ഇ-പഠന കേന്ദ്രം നടത്തിവരുന്ന "രോഗകീട നിയന്ത്രണം ജൈവ ജീവാണു മാർഗങ്ങളിലൂടെ" എന്ന വിഷയത്തിലെ സൗജന്യ ഓൺലൈൻ പരിശീലന പരിപാടിയുടെ പുതിയ ബാച്ച് 2024 ഓഗസ്റ്റ് 26 ന് ആരംഭിക്കുന്നു. കേരള കാർഷിക സർവ്വകലാശാല ശാസ്ത്രജ്ഞർ കൈകാര്യം ചെയ്യുന്ന ഈ കോഴ്സിൽ പങ്കെടുക്കുവാൻ താൽപ്പര്യമുള്ളവർ ഓഗസ്റ്റ് 25 നകം ഈ കോഴ്സിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്. 24 ദിവസം ദൈർഘ്യമുള്ളതും പൂർണ്ണമായും മലയാളത്തിൽ പരിശീലിപ്പിക്കുന്ന കോഴ്സ് പത്ത് സെഷനുകളിലായി കെ.എ.യു. MOOC പ്ലാറ്റ്ഫോമിലൂടെ പ്രയോജനപ്പെടുത്താവുന്നതാണ്. നിശ്ചിത ഫീസ് ഈടാക്കി സർട്ടിഫിക്കറ്റും നൽകുന്നതാണ്. www.celkau.in/MOOC എന്ന ലിങ്കിൽ ക്ലിക് ചെയ്ത് ഈ പരിശീലന കോഴ്സിൽ രജിസ്റ്റർ ചെയ്യാം. രജിസ്റ്റർ ചെയ്തവർക്ക് ഓഗസ്റ്റ് 26 മുതൽ 'പ്രവേശനം' എന്ന ബട്ടൺ ക്ലിക് ചെയ്ത് യുസർ ഐ ഡി യും പാസ്സ്‌വേർഡും ഉപയോഗിച്ച് ക്ലാസ്സുകളിൽ പങ്കെടുക്കാം.

8. ക്ഷീര വികസന വകുപ്പ് വലിയതുറ സ്റ്റേറ്റ് ഫോഡർ ഫാമിൽ 2024 ആഗസ്റ്റ് 16, 17 തീയതികളിൽ ക്ഷീരകർഷകർക്കായി സമഗ്ര പരിശീലനം നൽകുന്നു. പങ്കെടുക്കാൻ താൽപ്പര്യമുള്ളവർ കൂടുതൽ വിവരങ്ങൾക്ക് 9388834424/9446453247 ലേക്ക് whatsapp ചെയ്യുകയോ പ്രവർത്തി ദിവസങ്ങളിൽ വിളിക്കുകയോ ചെയ്യുക. രജിസ്ട്രേഷൻ ഫീസ് 20 രൂപ. ആധാർ, ബാങ്ക് പാസ്ബുക്ക് എന്നിവയുടെ പകർപ്പുകൾ കൊണ്ടുവരേണ്ടതാണ്.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം